Draft #4 of File 41442/EI1 SO/2019/AC C 1 Approved by ASSISTANT REGISTRAR III (EXAM) on 27-Nov-2019 02:27 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

ബിടെക് പരീക്ഷകളിൽ ഏതെങ്കിലും സെമെസ്റ്ററുകളിൽ ഒരു വിഷയം മാത്രം പാസ്സാകുവാനുള്ള വിദ്യാർത്ഥികൾക്ക് അനുവദിച്ചു നൽകിയ 5 മാർക്ക് സിൻഡിക്കേറ്റ് മോഡറേഷൻ - പിൻവലിക്കൽ - തുടർനടപടികൾ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം ഐ 1 സെക്ഷൻ**

നമ്പർ. 6012/EI 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 27.11.2019

---

പരാമർശം:-(1) 17.05.2019 തീയതിയിലുള്ള സർവ്വകലാശാലാ ഉത്തരവ് നമ്പർ 2085/EI 1/2019/എം.ജി.യു.

(2) 26.10.2019 തീയതിയിലുള്ള സർവ്വകലാശാലാ ഉത്തരവ് നമ്പർ 5207/EI1/2019/എം.ജി.യു.

(3) 08.11.2019 തീയതിയിലെ രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന പ്രൊഫസറുടെ കുറിപ്പ് നമ്പർ രജി/2/219/2019 .

**ഉത്തരവ്**

പരാമർശം (1) പ്രകാരം, സർവ്വകലാശാല നടത്തിയ ബിടെക് പരീക്ഷകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോട് കൂടിയ മാർക്കിന് പുറമേ പരമാവധി 5 മാർക്ക് കൂടി സിൻഡിക്കേറ്റ് മോഡറേഷനായി നൽകുന്നതിന് ഉത്തരവായിരുന്നു. 30 ഏപ്രിൽ 2019ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിലെ ഇനം നം. ഒ.എ 28/19.03 പ്രകാരം കൈക്കൊണ്ട ടി നയപരമായ തീരുമാനം 24.10.2019ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിലെ ഇനം നം. ഒ.എ 1 / 19.09 പ്രകാരം പിൻവലിക്കുന്നതിനും 17.05.2019ൽ പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവ് റദ്ദ് ചെയ്യുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിനും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

പരാമർശം (3) പ്രകാരം, ടി വിഷയത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സ്റ്റാന്റിംഗ് കോൺസലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാർ ശുപാർശ ചെയ്തിരുന്നു. 24.10.2019 തീയതിയിലെ സിൻഡിക്കേറ്റ് തീരുമാനത്തെ തുടർന്ന് സർവ്വകലാശാല നൽകിയിട്ടുള്ള ഡിഗ്രികൾ 1997ലെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട്സ്, അദ്ധ്യായം 35ൽ പ്രതിപാദിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിക്കാതെ തന്നെ റദ്ദ് ചെയ്യാമെന്ന് സ്റ്റാന്റിംഗ് കോൺസൽ നിയമോപദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണെന്ന് രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ നിർദ്ദേശിച്ചിരുന്നു:

1) 30-04-2019-ലെ സിൻഡിക്കേറ്റ് തീരുമാന പ്രകാരം പുറപ്പെടുവിച്ച 17-05-2019-ലെ 2085 /ഇ.ഐ

1/2019/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റ് മോഡറേഷനിലൂടെ ബിടെക് പരീക്ഷ വിജയിച്ചതായി പ്രഖ്യാപിച്ചിട്ടുള്ള 118 വിദ്യാർത്ഥികളുടെ പരീക്ഷാഫലം റദ്ദ് ചെയ്ത് വിദ്യാർത്ഥികൾക്ക് നൽകിയിട്ടുള്ള കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡുകൾ/ പ്രൊവിഷണൽ സർട്ടിഫിക്കറ്റുകൾ/ഡിഗ്രി സർട്ടിഫിക്കറ്റുകൾ എന്നിവ റദ്ദ് ചെയ്തുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുക, പ്രസ്തുത വിജ്ഞാപനം സർവ്വകലാശാലാ വെബ്സൈറ്റിലും സർക്കാർ ഗസറ്റിലും പ്രസിദ്ധപ്പെടുത്തുക.

2) സിൻഡിക്കേറ്റ് മോഡറേഷനിലൂടെ ബിടെക് പരീക്ഷ വിജയിച്ചതായി പ്രഖ്യാപിച്ചിട്ടുള്ള 118 വിദ്യാർത്ഥികൾക്ക് നൽകിയിട്ടുള്ള കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡുകൾ, പ്രൊവിഷണൽ സർട്ടിഫിക്കറ്റുകൾ, ഡിഗ്രി സർട്ടിഫിക്കറ്റുകൾ എന്നിവ റദ്ദ് ചെയ്ത തീരുമാനം വിദ്യാർത്ഥികളെ അറിയിക്കുകയും, ആയവ സർവ്വകലാശാലയിൽ തിരികെ നൽകുവാൻ നിർദേശിച്ചുകൊണ്ട് വിദ്യാർത്ഥികൾക്ക് രജിസ്റ്റേർഡ് തപാലിൽ മെമ്മോ അയക്കുകയും ചെയ്യുക. ഈ വിവരം പത്രങ്ങളിലെ സർവ്വകലാശാലാ വാർത്തകളിൽ പ്രസിദ്ധപ്പെടുത്തുക .

3) പ്രസ്തുത വിദ്യാർഥികൾക്ക് നൽകിയിട്ടുള്ള കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡുകളും പ്രൊവിഷണൽ സർട്ടിഫിക്കറ്റുകളും ഡിഗ്രി സർട്ടിഫിക്കറ്റുകളും തിരികെ നൽകുവാൻ നിർദ്ദേശിച്ചുകൊണ്ട് വിദ്യാർത്ഥികൾക്കു സർവ്വകലാശാല അയയ്ക്കുന്ന മെമ്മോ ലഭിച്ചിട്ടും എന്തെങ്കിലും കാരണവശാൽ ഏതെങ്കിലും വിദ്യാർഥി അത്തരത്തിൽ അവ തിരികെ നല്കുന്നില്ലെങ്കിൽ അത്തരം വിദ്യാർഥിക്കെതിരെ സ്റ്റാൻഡിങ് കോൺസൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പോലീസിൽ കേസ് രജിസ്റ്റർ ചെയ്യുക.

4) മേൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളിൽ തുടർ നടപടികൾ കൈക്കൊള്ളുന്നതിനു പരീക്ഷ കോൺട്രോളറെചുമതലപ്പെടുത്തുക .

ടി വിഷയവുമായി ബന്ധപ്പെട്ടു പരീക്ഷ കൺട്രോളർ താഴെ പറയുന്ന നിർദേശങ്ങൾ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

1) സിൻഡിക്കേറ്റ് മോഡറേഷൻ വഴി വിജയിക്കുകയും 3,5,7,8 എന്നീ സെമസ്റ്ററുകളുടെ ഡിസംബർ 2018-ലെ സപ്ലിമെന്ററി പരീക്ഷയുടെ പുനർമൂല്യ നിർണ്ണയത്തിനായുള്ള അപേക്ഷ സമർപ്പിക്കുവാൻ കഴിയാതെ വരികയും ചെയ്ത വിദ്യാർഥികൾക്കു ആയതിന് അവസരം നൽകുക.

2) സിൻഡിക്കേറ്റ് മോഡറേഷനിലൂടെ വിജയിച്ച വിദ്യാർഥികൾ അതിനു ശേഷം വന്ന സപ്ളിമെന്ററി പരീക്ഷയിൽ വിജയിച്ചിട്ടുണ്ടെങ്കിൽ അവരുടെ പരീക്ഷാരജിസ്ട്രേഷൻ പുനഃസ്ഥാപിച്ചു മാർക്ക് രേഖപ്പെടുത്തുവാനും തദനുസരണം പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തുവാനും, മാർക്ക് ലിസ്റ്റ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, ബിരുദ സർട്ടിഫിക്കറ്റ് എന്നിവ നൽകുവാനുള്ള ഉത്തരവ് നൽകുക.

3) ടാബുലേഷൻ രജിസ്റ്ററിലും, ഇലക്ട്രോണിക് രേഖകളിലും സിൻഡിക്കേറ്റ് മോഡറേഷനിലൂടെ വിജയിച്ച വിദ്യാർഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തി നിലനിർത്തുക.

Draft #4 of File 41442/EI1 SO/2019/AC C 1 Approved by ASSISTANT REGISTRAR III (EXAM) on 27-Nov-2019 02:27 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

ടി. വിഷയങ്ങൾ പരിഗണിച്ച ബഹു.വൈസ് ചാൻസലർ രജിസ്ട്രാറുടെ മേൽ പ്രസ്താവിച്ച 1 മുതൽ 4 വരെയുള്ള ശുപാർശകൾ അംഗീകരിച്ചും, പരീക്ഷ കോൺട്രോളറുടെ 1 മുതൽ 3 വരെയുള്ള നിർദേശങ്ങൾ പ്രത്യേകമായി പരിഗണിച്ച് തീരുമാനമെടുക്കുന്നതിനായി സമർപ്പിക്കുന്നതിനും ഉത്തരവായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പത്മകുമാർ പി

അസിസ്റ്റന്റ് രജിസ്ട്രാർ 3 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. വി.സി., പി.വി.സി. എന്നിവരുടെ പി.എസ്.
2. രജിസ്ട്രാർ, പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ.
3. ജോയിന്റ് രജിസ്ട്രാർ 2 (പരീക്ഷ)
4. ഡെപ്യൂട്ടി രജിസ്ട്രാർ 2 (പരീക്ഷ)
5. അസി. രജിസ്ട്രാർ 3 / 17 (പരീക്ഷ)
6. പി.ആർ.ഒ./ കൺടന്റ്മാനേജ്മെന്റ് സെക്ഷൻ
7. ബിടെക് സെക്ഷനുകൾ
8. സിറ്റെക്സ് സെക്ഷൻ
9. ഫയൽകോപ്പി/സ്റ്റോക് ഫയൽ

Draft #4 of File 41442/EI1 SO/2019/AC C 1 Approved by ASSISTANT REGISTRAR III (EXAM) on 27-Nov-2019 02:27 PM - Page 3
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം